# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ആഗസ്റ്റ് 15 വ്യാഴം**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


### സ്വാതന്ത്ര്യദിനാഘോഷം
## പ്രളയാതിജീവനം: കുപ്രചരണങ്ങളെ തള്ളി നാടാകെ ഒന്നിക്കണം- മന്ത്രി എ സി മൊയ്തീൻ

തെറ്റായതും ജനവിരുദ്ധവുമായ പ്രചരണങ്ങളെ തള്ളിക്കളഞ്ഞ് കേരളത്തിന്റെ പ്രളയാതിജീവനത്തിന് നാടാകെ ഒന്നിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ പറഞ്ഞു. 73-ാം സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി തേക്കിൻക്കാട് മൈതാനിയിലെ വിദ്യാർഥി കോർണറിൽ സ്വാതന്ത്ര്യദിന സന്ദേശം നൽകി സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രളയം ബാധിച്ച ആയിരകണക്കിന് പേർ ഇപ്പോഴും ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുകയാണ്. നൂറിലധികംപേർ മരിക്കുകയും നിരവധിപേർക്ക് പരിക്കേൽക്കുകയും ചെയ്തു. പ്രളയത്തിന്റെ ഇരകളായവരുടെ അതിജീവനത്തിനും പുനരധിവാസത്തിനും നാട് ഒന്നിക്കേണ്ട സമയമാണിത്. ദുരിതത്തിൽ അകപ്പെട്ടവർക്ക് ആശ്വാസം നൽകാനായി വിശ്രമമില്ലാത്ത പ്രവർത്തനങ്ങളിലാണ് സർക്കാർ സംവിധാനങ്ങളാകെ. ഇതുവരെ രക്ഷാപ്രവർത്തനങ്ങളിലും ദുരിതാശ്വാസ ക്യാമ്പുകൾ ഒരുക്കുന്നതിലും മറ്റുംമെച്ചപ്പെട്ട ഇടപെടൽ നടത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ദുരിതത്തിൽ അകപ്പെട്ടവർക്ക് കൈത്താങ്ങാകാൻ ജാതി -മത ചിന്തകൾക്കതീതമായി നമ്മുക്ക് സാധിക്കണം. ഇതിന് കൂട്ടായ പരിശ്രമവും മനുഷ്യ സ്നേഹികളുടെ സഹായങ്ങളും കൂടിയേ തീരൂ. പുന്നയൂർക്കുളത്ത് പ്രളയത്തിൽ തകർന്ന വൈദ്യുതി ടവർ പുനഃസ്ഥാപിക്കാനുള്ള ജോലിക്കായി യാത്രചെയ്യുന്നതിനിടെ തോണി മറിഞ്ഞ് മരിച്ച കെഎസ്ഇബി എഞ്ചിനീയർ ബൈജുവിനെപ്പോലുള്ളവരുടെ ത്യഗപൂർണമായ പ്രവർത്തനങ്ങളാണ് ഈ നാടിന്റെ അതിജീവനം സാധ്യമാക്കുന്നത്.

എന്നാൽ ഈ ദുരന്തസമയത്തും ജനവിരുദ്ധവും ഹീനവുമായ പ്രചാരണമാണ് സാമൂഹ്യമാധ്യമങ്ങൾ ഉൾപ്പടെയുള്ളവ വഴി ചിലർ അഴിച്ചുവിടുന്നത്. മലയാളികളുടെ ഐക്യബോധത്തെ തകർക്കാനുള്ള ഇത്തരം ശ്രമങ്ങൾക്കെതിരെ ജാഗ്രതപുലർത്തണം. ദുരന്തബാധിത പ്രദേശങ്ങളിൽ നിരവധിയായ പ്രവർത്തനങ്ങൾ ഇനിയും നടത്തേണ്ടതായിട്ടുണ്ട്. ശുചീകരണപ്രവർത്തനങ്ങൾക്കും, അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പവരുത്തുന്നതിനും മറ്റും പൊതുസമൂഹത്തിന്റെ ഇടപെടൽ അനിവാര്യമാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എല്ലാവിഭാഗം ജനങ്ങളും കഴിയാവുന്ന നിലയിൽ സംഭാവന നൽകി നാടിന് കൈത്താങ്ങാവണമെന്ന് അദ്ദേഹം കൂട്ടിചേർത്തു.

ഭരണഘടനാ മൂല്യങ്ങളും രാജ്യത്തിന്റെ മതനിരപേക്ഷ സ്വഭാവവും നിലനിർത്താൻ പരിശ്രമിക്കേണ്ടത് നാം ഓരോരുത്തരുടേയും കടമയാണ്. ഇന്ന് ഈ മൂല്യങ്ങൾ വലിയ വെല്ലുവിളികളാണ് നേരിടുന്നത്. ഇവയ്ക്കെതിരെ നാം ജാഗരൂകരാകണമെന്നും സ്വാതന്ത്രദിനാഘോഷം പ്രളയാനന്തര അതിജീവന പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്തുപകരാൻ പ്രചോദനം നൽകട്ടെയെന്നും മന്ത്രി സ്വാതന്ത്രദിന സന്ദേശ പ്രസംഗത്തിൽ പറഞ്ഞു.

## ജില്ലയിൽ സ്വാതന്ത്ര്യദിനാഘോഷം: മന്ത്രി എ സി മൊയ്തീൻ സല്യൂട്ട് സ്വീകരിച്ചു

73-ാം സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായുള്ള ജില്ലാതല പരിപാടികൾ രാവിലെ 8 ന് തേക്കിൻകാട് മൈതാനം വിദ്യാർത്ഥി കോർണറിൽ നടന്നു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ ദേശീയപതാക ഉയർത്തുകയും സ്വാതന്ത്രദിന പരേഡിന്റെ സല്യൂട്ട് സ്വീകരിക്കുകയും ചെയ്തു. തുടർന്ന് അദ്ദേഹം സ്വാതന്ത്രദിന സന്ദേശ പ്രസംഗം നടത്തി. ഗവ. ചീഫ് വിപ്പ് അഡ്വ. കെ. രാജൻ അതിഥിയായി. ജില്ലാ കളക്ടർ എസ്. ഷാനവാസ് ഐ.എ.എസ്, സിറ്റി പോലീസ്

കമ്മീഷ്ണർ യതീഷ് ചന്ദ്ര ഐ.പി.എസ്., എന്നിവരും സല്യൂട്ട് സ്വീകരിച്ചു. 22 പ്ലാറ്റൂണുകൾ അണിനിരന്ന പരേഡ് ജില്ലാ സായുധ സേന റിസർവ്വ് ഇൻസ്പെക്ടർ കെ. വിനോദ് കുമാർ നയിച്ചു. ജില്ലാ സായുധ സേന, സിറ്റി-റൂറൽ പോലീസ്, വനിതാ വിഭാഗം, ഫോറസ്റ്റ് , എക്സൈസ്, വിയ്യൂർ സെൻട്രൽ പ്രിസൺ ആൻഡ് കറക്ഷൻ ഹോം, എൻസിസി വിഭാഗങ്ങൾ, എസ്പിസി വിഭാഗം എന്നിവയിൽനിന്നുള്ള അംഗങ്ങളാണ് പരേഡിൽ അണിനിരന്നത്.

കാർഗിൽ യുദ്ധത്തിൽ ജീവത്യാഗം ചെയ്ത ലെഫ്റ്റനന്റ്. കേണൽ രാമകൃഷ്ണൻ വിശ്വനാഥനെ ചടങ്ങിൽ അനുസ്മരിച്ചു. പരേഡിലെ മികച്ച പ്ലാറ്റൂണുകൾക്കുള്ള പുരസ്ക്കാരം മന്ത്രി സമ്മാനിച്ചു. ഒന്നാംസ്ഥാനം നേടിയ പ്ലാറ്റൂണുകൾ : സർവീസ് വിഭാഗം- ജില്ലാ സായുധ സേന, വനിതാ വിഭാഗം- തൃശൂർ റൂറൽ വനിതാ പോലീസ്, എൻസിസി (ആൺകുട്ടികൾ) -സെൻറ്തോമസ് കോളേജ് 23 ാം കേരള ബറ്റാലിയൻ, എൻസിസി (പെൺകുട്ടികൾ) - ശ്രീകേരള വർമ്മ കോളേജ് 7ാം കേരള ബറ്റാലിയൻ എൻസിസി സീനിയർ ഗേൾസ്, എസ്പിസി (ആൺകുട്ടികൾ) - സിഎംഎസ് എച്ച്എസ്എസ് തൃശൂർ, എസ്പിസി (പെൺകുട്ടികൾ) - ഗവ. ഗേൾസ് ഹൈസ്ക്കൂൾ കൊടുങ്ങല്ലൂർ. സായുധസേന പതാക നിധിയിലേക്ക് ജില്ലയിൽ എറ്റവും കൂടുതൽ തുക സ്വരൂപിച്ച വിദ്യാഭ്യാസ സ്ഥാപനത്തിനുള്ള റോളിംഗ് ട്രോഫി എസ്എച്ച്സിജിഎച്ച്എസ്എസ് തൃശൂരിനും വിദ്യാഭ്യാസേതര സ്ഥാപനത്തിനുള്ള റോളിംഗ് ട്രോഫി 24(കെ) ബിഎൻ എൻസിസി തൃശൂരിനും മന്ത്രി സമ്മാനിച്ചു.

## തളിക്കുളം ബ്ലോക്കിൽ സ്വാതന്ത്ര്യദിനാഘോഷം നടന്നു

തളിക്കുളം ബ്ലോക്ക് അങ്കണത്തിൽ സ്വതന്ത്ര ദിനാഘോഷത്തോടനുബന്ധിച്ചു പ്രസിഡന്റ് ഡോ. സുഭാഷിണി മഹാദേവൻ പതാക ഉയർത്തി. വൈസ് പ്രസിഡന്റ് ഇ പി ശശികുമാർ, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഗീത മണികണ്ഠൻ, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ സുലേഖ ജമാലു, മെമ്പർമാർ ശാരദ പരമേശ്വരൻ, രജനിബാബു, ബ്ലോക്ക് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

ഏങ്ങണ്ടിയൂർ പഞ്ചായത്തിൽ പ്രസിഡന്റ് പി എൻ ജ്യോതിലാൽ, വാടാനപ്പള്ളി പഞ്ചായത്തിൽ പ്രസിഡന്റ്ഷിജിത് വടക്കുംചേരി, തളിക്കുളം പഞ്ചായത്തിൽ പ്രസിഡന്റ് പി ഐ സജിത, നാട്ടിക പഞ്ചായത്തിൽ പ്രസിഡന്റ് പി. വിനു, വലപ്പാട് പഞ്ചായത്തിൽ പ്രസിഡന്റ് ഇ കെ തോമസും പതാകയുയർത്തി.

## പീച്ചി ഡാം തുറന്നു

പീച്ചി ഡാമിന്റെ ഷട്ടറുകൾ തുറന്നു. അഞ്ച് സെന്റിമീറ്റർ വീതം രണ്ട് ഷട്ടറുകളാണ് ഉയർത്തിയത്. വൃഷ്ടി പ്രദേശത്തെ മഴമൂലം റിസർവോയറിലേക്ക് നീരൊഴുക്ക് കൂടിയ സാഹചര്യത്തിലാണിത്. പീച്ചിയിലെത്തിയ മന്ത്രി എ സി മൊയ്തീന്റെ സാന്നിദ്ധ്യത്തിൽ ചേർന്ന ഉന്നതല യോഗം സ്ഥിതിഗതികൾ വിലയിരുത്തി. ഡാം തുറക്കാൻ തീരുമാനമായത്. റിസർവോയറിലെ ജലനിരപ്പ് 77.8 മീറ്ററാണിപ്പോൾ. മണിക്കൂറിൽ 1 സെന്റിമീറ്റർ എന്ന തോതിൽ ജലനിരപ്പുയുരന്നുണ്ട്. 1.75 മീറ്റർ കൂടി ഉയർന്നാൽ റിസർവോയറിന്റെ ശേഷി പൂർത്തിയാവും. ഈ സാഹചര്യത്തിലാണ് ജലനിരപ്പ് ക്രമീകരിക്കുന്നതിന്റെ ഭാഗമായി ഡാമിന്റെ ഷട്ടറുകൾ തുറക്കാൻ തീരുമാനിച്ചത്. പീച്ചിൽ ചേർന്ന യോഗത്തിൽ ചീഫ് വിപ്പ് അഡ്വ. കെ രാജൻ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ്, വൈസ് പ്രസിഡണ്ട് ഉദയപ്രകാശ്, മേയർ അജിത വിജയൻ, മറ്റ് ജനപ്രതിനിധികൾ, ജില്ലാ കളക്ടർ എസ് ഷാനവാസ്, സിറ്റി പോലീസ് മേധാവി യതീഷ് ചന്ദ്ര തുടങ്ങിയവർ പങ്കെടുത്തു. ഡാം തുറക്കുന്നത് കാണാനായി നിരവധി പേരാണ് പീച്ചി ഡാം പരിസരത്തെത്തിയത്. ജലമൊഴുക്ക് ആഘോഷിച്ച് ആളുകൾ അപകടത്തിലാകുന്നത് തടയുന്നതിന്റെ ഭാഗമായി ഡാം കനാൽ പരിസരത്തെ മീൻപിടുത്തം കർശനമായി വിൽക്കാനും യോഗം പോലീസിന് നിർദ്ദേശം നൽകി.

## റീടെണ്ടർ

പഴയന്നൂർ ശിശുവികസന പദ്ധതി ഓഫീസ് പ്രോജക്ടിലെ ഉപയോഗത്തിനായി വാഹനം വാടകക്ക് ലഭ്യമാക്കുവാൻ ടെണ്ടർ ക്ഷണിച്ചു. ഫോൺ: 04884-250527.